# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി13/1796/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in


തീയ്യതി : 06.10.2017

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി13/1796/2017 തീയതി: 06.10.2017

# കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 03.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 02 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജൻ.കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.07.2017 മുതൽ 10.07.2017 വരെ<br>08.08.2017 മുതൽ 11.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.കെ.ഉണ്ണി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഗിരീശൻ പാറപ്പൊയിൽ | |
| | ശ്രീ.സതീഷ് കുമാർ.സി.പി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശ്രീജിത്ത്.കെ.വി | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.അശോകൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ജയരാജൻ.പി | 01.04.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ | ശ്രീ.അവിനാഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| | ശ്രീ.രഞ്ജിത്ത് | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാമചന്ദ്രൻ.എം | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ലേഖ | 01.04.2016 മുതൽ 31.03.2017 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.വത്സൻ | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷിനോജ് | 01.04.2016 മുതൽ 14.12.2016 വരെ |
| | ഡോ.നിഷ | 15.12.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.സജിത | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.സിന്ധു.കെ.പി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.പ്രദീപൻ.എം. | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സൂരജ് | 01.10.2016 മുതൽ 31.03.2017 വരെ |
| സബ് ഇൻസ്പെക്ടർ, ഫിഷറീസ് | ശ്രീ.ശാന്തകുമാർ | 01.10.2016 മുതൽ 31.03.2017 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |

| | | |
|---|---|---|
| 11 | 2-1 | വാർഷിക കണക്കുകളുടെ അപാകതകൾ |
| 12 | 2-2 | വസ്തു നികുതി നിർണ്ണയം അവലോകനം |
| 13 | 2-3 | രസീത് പിരിവിലെ അപാകതകൾ |
| 14 | 2-4 | ഡബിൾ സൈഡ് കാർബൺ പേപ്പറില്ലാതെ രസീത് അനുവദിക്കുന്നു. |
| 15 | 2-5 | തൊഴിൽ നികുതി അപാകതകൾ |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം)അവലോകനം |
| 17 | 3-2 | ഇടവിള കൃഷി – ഗുണഭോക്താക്കൾക്ക് വിത്ത് കിറ്റുകൾ മുഴുവനായും നൽകിയില്ല |
| 18 | 3-3 | വിവാഹ ധനസഹായം – ഗുണഭോക്തൃ പട്ടികയിലില്ലാത്തവർക്ക് നൽകി |
| 19 | 3-4 | ത്രീ ഫേസ് വൈദ്യുതി കണക്ഷന് തുക നൽകി – ഔദ്യോഗിക രശീതി ലഭ്യമാക്കിയില്ല. |
| 20 | 3-5 | ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ – രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ കോപ്പി ലഭ്യമാക്കിയില്ല. |
| 21 | 3-6 | ഐ.എ.വൈ വിഹിതം – വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| 22 | 3-7 | അങ്കണവാടികളിലെ പോഷകാഹാര വിതരണം – കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ് – വികസന ഫണ്ട് വകമാറ്റുന്നു. |
| 23 | 3-8 | കുടിവെള്ള വിതരണ പദ്ധതികൾ – തുക ഡെപ്പോസിറ്റ് ചെയ്തത് – നിർവ്വഹണത്തിലെ അപാകതകൾ |
| 24 | 3-9 | കുടിവെള്ള പദ്ധതികൾ – പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. |
| 25 | 3-10 | റോഡ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നു. |
| 26 | 3-11 | ആദായ നികുതി ഈടാക്കിയതിൽ കുറവ് |
| 27 | 3-12 | റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട് |
| 28 | 3-13 | ഉവ്വക്കോട് പോസ്റ്റ്ഓഫീസ് റോഡ് – നിർവ്വഹണത്തിൽ കാലതാമസം – അധിക തുക നൽകി |
| 29 | 3-14 | ഗുണഭോക്താക്കളുടെ തെരെഞ്ഞെടുപ്പ് – നടപടിക്രമങ്ങൾ പാലിച്ചില്ല. |
| 30 | 3-15 | പട്ടികജാതിക്കാർക്കുള്ള പദ്ധതി – ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 31 | 3-16 | നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങി |
| 32 | 3-17 | കന്നുകുട്ടി പരിപാലനം – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 33 | 3-18 | വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ |
| 34 | 3-19 | പെയിൻ & പാലിയേറ്റീവ് പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |

| | | |
|---|---|---|
| 35 | 3-20 | മരുന്ന് പൂർണ്ണമായും ലഭ്യമായില്ല. |
| 36 | 3-21 | താൽക്കാലിക നിയമനങ്ങളിൽ നടപടിക്രമം പാലിക്കുന്നില്ല. |
| 37 | 3-22 | മത്സ്യത്തൊഴിലാളികളുടെ പഠിക്കുന്ന കുട്ടികൾക്ക് ഫർണീച്ചർ വിതരണം – പദ്ധതി നടത്തിപ്പിൽ വീഴ്ചകൾ |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 39 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 40 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 41 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 42 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 43 | 4-6 | ഓഡിറ്റ് റിക്കവറി |
| 44 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 45 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 47 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 28-03-2017 തിയതിയിലെ 1(എ) തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2017 | 27-07-2017 | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 11-08-2017 | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16134159 |
| വരവ് | 59455825 |
| ആകെ | 75589984 |
| ചെലവ് | 56485288 |
| നീക്കിയിരിപ്പ് | 19104696 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 13111674 | 13111674 | 13111674 | | 100 |
| വികസനഫണ്ട് എസ്.സി.പി. | | 4635711 | 4635711 | 4635711 | | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | | 4840818 | 4840818 | 2015264 | 2825554 | 41.63 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 3594273 | 3594273 | 2825362 | 768911 | 78.60 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7353533 | 7353533 | 7353533 | | 100 |
| പെർഫോമൻസ് ഗ്രാന്റ് | | 3862865 | 3862865 | 3851574 | 11291 | 99.7 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1413 | 18789190 | 18790603 | 18787986 | 2617 | 99.98 |
| ബി ഫണ്ട് | | | | | | |

## 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 13 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3672307 | 7281852 | 3609545 | +98.29 |
| നികുതിയേതര വരവുകൾ | 1023785 | 936862 | -86923 | -8.49 |
| ആകെ | 4696092 | 8218714 | 3522622 | +75.01 |

## 1-7 പദ്ധതി അവലോകനം

(ഖണ്ഡിക 3-1 കാണുക)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 66437551 | 66 | 38620595 | 64 | 65 | 34.87 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 744360 | 590 |
| കർഷകതൊഴിലാളി പെൻഷൻ | 4643830 | 559 |
| വിധവാപെൻഷൻ | 13462920 | 1348 |
| വാർദ്ധക്യകാലപെൻഷൻ | 19843230 | 2156 |
| വികലാംഗപെൻഷൻ | 3531985 | 351 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1519740 | 156 |
| വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-07-17 മുതൽ 19-07-2017 വരെ | മാർച്ച് 2017 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-04-2012 മുതൽ 30-04-2012 വരെ | 1997-98 മുതൽ 199-2000 വരെ | LBA(HQ)111/8A-276/12 തീയതി.05-08-2012 |

# ഭാഗം-2
# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

2016-17 വാർഷിക കണക്കിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാതെ ഒരു അക്കൗണ്ട് -തനതുഫണ്ട് VPFA I 2 പഞ്ചായത്ത് പരിപാലിക്കുന്നുണ്ട്.ഈ അക്കൗണ്ടിൽ 66232/-രൂപ മുന്നിരിപ്പും നീക്കിയിരിപ്പുമായി ഉണ്ട്. എന്നാൽ ഈ തുക ഏത് ഫണ്ടാണെന്ന് വ്യക്തമല്ല.

2) തൊഴിൽ നികുതി,ബിൽഡിംഗ് പോർമിറ്റ് ഇനങ്ങളിൽ ഡിമാന്റ് രജിസ്റ്റർ സംഗ്രഹം എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

3) പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

5) അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രവൃത്തികളിൽ അടവാക്കിയ വാറ്റ്,ആദായനികുതി,നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

6) ബജറ്റ് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിൽ പുനക്രമീകരിച്ചിട്ടില്ല.

## 2-2 വസ്തു നികുതി നിർണ്ണയം അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയം പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) 2013—14 ന് മുൻമ്പ് കുടിശ്ശികയില്ല. അതു വരെ പിരിവ് 100%ആയിരുന്നു.

ബി) 14.01..2011 മുതൽ 2013-14 വരെയുള്ള നികുതിദായകരെ പുതിയ നികുതിദായകരായി കണക്കാക്കിയാണ് നികുതി ചുമത്തിയത്.

സി) 185 m2 ന് താഴെയും 185 m2ന് മുകളിലും ഉള്ള ഘടനാപരമായി മാറ്റം വരുത്തിയിട്ടുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ സഞ്ചയയിൽ ഘടനാപരമായി മാറ്റം വരുത്തിയിട്ടുണ്ട് എന്ന് ചേർത്താണ് ഡാറ്റാ എൻട്രി നടത്തിയിട്ടുള്ളത്.

ഡി) പുതുക്കിപണിത കെട്ടിടങ്ങൾക്ക് പുതുതായികൂട്ടിച്ചേർത്ത ഭാഗത്തിന് പുതിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്.

ഇ) കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തുമ്പോൾ ,ഗ്രാമപഞ്ചായത്തിന്റെ ഫീൽഡ് പരിശോധന വിഭാഗം പരിശോധന നടത്തി ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്.

എഫ്) നേരെത്തെ ബിൽഡിംഗ് പെർമിറ്റ് നിലവില്ലല്ല ഗ്രാമപഞ്ചായത്ത് ആയതിനാൽ കൂട്ടിച്ചേർക്കലുകളുടെ കൃത്യത ഉറപ്പു വരുത്തിയിട്ടുണ്ട്.

ജി) വാണിജ്യം വ്യവസായം എന്നീ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി അതാതിന്റ നിരക്കനുസരിച്ചാണ് ഡാറ്റാ എൻട്രി ചെയ്തിട്ടുള്ളത്

എച്ച്) ബേസ് ഡാറ്റാ എൻട്രി പൂർത്തിയാക്കിയിട്ടുണ്ട്.

ഐ) ഓണർഷിപ്പ് മാറ്റം, നികുതി മാറ്റം, ഒക്യുപ്പൻസി മാറ്റം എന്നിവ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.

ജെ) വിമുക്തഭടന്മാർ നിശ്ചിതസമയത്തിനുള്ളിൽ തന്നെ നികുതി ഒഴിവാക്കലിന് അപേക്ഷ നൽകുന്നുണ്ട്.

കെ) 2016-17 വർഷത്തിൽ കടിശ്ശിക ,തൻവർഷം വരവ് എന്നിവയിൽ വ്യത്യാസമുണ്ട്. ആയത് പരിഹരിച്ച് വരുന്നു.

എൽ) Discrepancy solving steps അപാകതകൾ നിലവിലുണ്ട്. അവ പരിഹരിച്ച് വരുന്നു.

എം) കെട്ടിടങ്ങൾക്കുള്ള ഇളവുകളു വർദ്ധനയു നിയമാനുസൃതം നടപ്പിലാക്കുന്നു.

എൻ) വാണിജ്യ വ്യവസായആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളോട് തൊട്ടുള്ള ഓഫീസുകൾക്ക്

പരിഷ്ക്കരിച്ച നികുതിയാണ് ഈടാക്കുന്നത്.

## 2-3 <u>രശീത് പിരിവിലെ അപാകതകൾ</u>

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ 01.04.2016 മുതൽ 03.07.2017 വരെയുള്ള രശീത് പുസ്തകങ്ങൾ,കളക്ഷൻ രജിസ്റ്ററുകൾ,സ്റ്റോക്ക് രജിസ്റ്ററുകൾ ,സാംഖ്യ രശീതുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1160030102217 മുതൽ 1160030102222 വരെയുള്ള 6 സാംഖ്യ രശീതുകൾ മാന്വൽ രശീതുകൾ മുഖേനയും പിരിവെടുത്തതായി കാണുന്നു. എന്നാൽ മാന്വൽ രീതിയിൽ പിരിവെടുത്ത രശീതുകൾ ഇന്ററെപ്റ്റഡ് രശീതിയായി സാംഖ്യയിൽ രേഖപ്പെടുത്താതെ പുതിയ രശീതുകൾ എന്ന നിലയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2. ഔട്ട് ഡോർ കളക്ഷൻ മുഖേന പിരിച്ചെടുത്ത കെട്ടിട നികുതി, ഗ്രന്ഥശാലാവരി എന്നിവ വേർതിരിച്ച് രേഖപ്പെടുത്താതെ ഒറ്റ തുകയായി രേഖപ്പെടുത്തി.ഇത് മൂലം വ്യത്യസ്ത ഹെഡ്ഡിൽ രേഖപ്പെടുത്തേണ്ടതും ഗ്രന്ഥശാലാസംഘത്തിന് നൽകേണ്ടതുമായ ഗ്രന്ഥശാലാവരി തെറ്റായി കെട്ടിട നികുതിയിനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടു.

3. സാംഖ്യ ഫ്രണ്ട് ഓഫീസ് സോഫ്റ്റ്‌വെയർ മുഖേന അനുവദിക്കുന്ന സാംഖ്യ രശീതുകളുടെ ഒറിജിനലിലും പകർപ്പിലും വ്യത്യസ്തമായ രേഖപ്പെടുത്തലുകൾ വരുന്നു.ഉദാ: 25.05.2017 തീയതിയിൽ 1724241 നമ്പർ സ്റ്റേഷനറി നമ്പറായുള്ള 05.05.2017 തീയതി രേഖപ്പെടുത്തിയ 1170030101129 നം.രശീതിന്റെ കൗണ്ടർഫോയിലിൽ രശീത് നം

1170030101109 എന്നും തീയതി 25.05.2017 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-4 ഡബിൾ സൈഡ് കാർബൺ പേപ്പറില്ലാതെ രശീത് അനുവദിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസർ,വെറ്ററിനറി സർജൻ എന്നിവർ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെയാണ് ഗുണഭോക്താക്കൾക്ക് രശീതുകൾ അനുവദിച്ചിട്ടുള്ളത്. കേരള ട്രഷറി കോഡ് വാല്യം-I, ചട്ടം 90(a) കുറിപ്പ് ;2 പ്രകാരം രസീതുകൾ നൽകുന്ന അവസരത്തിൽ ഡബിൾ ഫേസ്ഡ് കാർബൺകോപ്പി ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-5 തൊഴിൽ നികുതി--അപാകതകൾ

എ) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ വിശദവിവരംകാണിക്കുന്ന സ്ഥാപന റജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മുൻവർഷ രജിസ്റ്റർ പ്രകാരം 55 സ്ഥാപനങ്ങളുണ്ട്. ആയതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പറയുന്നു.

1. യൂനിറോയൽ മറൈൻ എക്സ്പോർട്ട്സ്
2. റണ്ണായി ബീച്ച്റിസോർട്ട്
3. കാപ്പാട് ഹോസ്പിറ്റൽ
4. ലോട്ടസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
5. കാപ്പാട് കോ ഓപ്പറെറ്റീവ് അർബൻ സൊസൈറ്റി
6. ചേമഞ്ചേരി മിൽക്ക് കോ.ഓപ്പറേറ്റീവ് സൊസൈറ്റി
7. എം.എസ്.എസ്.പബ്ലിക് സ്കൂൾ
8. വാസ്കോഡഗാമ ബീച്ച്റിസോർട്ട്

രണ്ടാം അർദ്ധവർഷം തുക അടവാക്കാനുള്ളത്

9. മർക്കസ്സ് പബ്ലിക് സ്കൂൾ
10. കനറാ ബാങ്ക്--കാട്ടിൽ പിടിക
11. പ്രിൻസ് ക്ളിനിക്ക്

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം) -അവലോകനം

2015-16

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പ്പോയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10640000 | 4773303 | 21160753 | 25934056 | 11377948 | 43.87 | 14556108 |
| വികസന ഫണ്ട് (എസ്.സി.പി) | 4139000 | 4662795 | 4139000 | 8801795 | 5064134 | 57.53 | 3737661 |
| സംരക്ഷണഗ്രാന്റ് | 7437000 | 4299491 | 7437000 | 11736491 | 6366897 | 54.24 | 5369594 |
| 13-ാംധന കാര്യകമ്മീഷൻ | 5412000 | 3412629 | 4812306 | 8224935 | 5345709 | 64.99 | 2879226 |
| ലോകബാങ്ക് ധനസഹായം | 0 | 1209563 | 0 | 1209563 | 1197425 | 98.99 | 12138 |

2016-17

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പ്പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10558000 | 0 | 13111674 | 13111674 | 13111674 | 100 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 4636000 | 0 | 4635711 | 4635711 | 4635711 | 100 | 0 |
| സംരക്ഷണഗ്രാന്റ് | 8435000 | 0 | 8435091 | 8435091 | 4840626 | 57.39 | 3594465 |
| 13-ാംധനകാര്യ കമ്മീഷൻ | 6501000 | 0 | 7353533 | 7353533 | 7353533 | 100 | 0 |
| ലോകബാങ്ക് ധനസഹായം | 0 | 0 | 3862865 | 3862865 | 3851574 | 99.71 | 11291 |

<u>നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിച്ചെലവ് കുറഞ്ഞു</u>

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 195 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ തുകയുടെ 60.45% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 2.78കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 14845842 | 13111674 | 88.31 |
| 2 | പ്ലാൻ ഫണ്ട് SCP | 6098291 | 4635711 | 76.01 |
| 3 | പ്ലാൻ ഫണ്ട് TSP | -- | -- | -- |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8652688 | 7353533 | 85 |
| 5 | ലോകബാങ്ക് ധനസഹായം | 3862865 | 3851574 | 99.7 |
| 6 | കേന്ദ്ര ധനസഹായം (KDS) | 500000 | 490914 | 98.18 |
| 7 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 400000 | -- | 0 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 6242599 | 2825362 | 45.25 |

| | | | | |
|---|---|---|---|---|
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 6475399 | 2015264 | 31.12 |
| 10 | തനത് ഫണ്ട് | 12028075 | 3173052 | 26.38 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 2924944 | 367959 | 12.58 |
| 12 | മറ്റുള്ളവ (ഗുണഭോക്തൃ വിഹിതം) | 1093386 | 330350 | 30.21 |
| ആകെ | | 63124089 | 38155393 | 60.45 |

പ്ലാൻ ഫണ്ട്(ജനറൽ&ടി.എസ് പി) ,ലോകബാങ്ക് ധനസഹായം, ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ചെലവുവന്നെങ്കിലും മെയിന്റനൻസ് ഗ്രാന്റ് റോഡ്, റോഡിതര ഫണ്ടുകളുടെ കാര്യത്തിൽ ചെലവ് വളരെ കുറവാണെന്നു കാണാം (യഥാക്രമം31.12,45.25 ശതമാനം മാത്രം ) ക്രമനം 7 ന്റെ കാര്യത്തിൽ തുകയൊന്നും വിനിയോഗിക്കാത്തതും 10.11.12 എന്നിവയുടെ കാര്യത്തിൽ ചെലവ് വളരെ കുറഞ്ഞതും ശ്രദ്ധേയമാണ്.

ക്രമനം 1മുതൽ 5വരെയുള്ളവയുടെയും ക്രമനം8,9 എന്നിവയുടേയും കാര്യത്തിൽ തുകയുള്ളത് കൺസോളിഡേറ്റഡ് ഫണ്ടിലായതിനാൽ നീക്കിയിരിപ്പുതുക 16-17 വർഷാവസാനം ലാപ്സായിരിക്കുകയാണ്. മേൽ കണക്കുകൾ പ്രകാരം 1.24കോടി രൂപയോളം ഇപ്രകാരം നഷ്ടമായിട്ടുണ്ട്. അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പ്രധാനമായും താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

127 പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ പ്രൊജക്ടുകളുടെ 65% വും ആകെ വകയിരുത്തിയ തുകയുടെ 61% വും പൊതുമരാമത്ത്, കുടിവെള്ളം(മറ്റ് മേഖലകളിലെ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം) എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരുന്നത് . ഇതിൽ 77പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്.തൻവർഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ച തുകയിൽ 1.16 കോടി രൂപയും നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്ടുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്നു കാണാം. അസി.എഞ്ചിനീയറെ കൂടാതെ സെക്രട്ടറിയ്ക്കും ഫണ്ട് നഷ്ടമായതിൽ ഉത്തരവാദിത്തമുണ്ട് . 28 പദ്ധതികൾക്ക് 65.13 ലക്ഷം രൂപ വകയിരുത്തിയതിൽ 18 പദ്ധതികൾക്കായി 32.12 ലക്ഷം രൂപ മാത്രമാണ് സെക്രട്ടറിക്ക് വിനിയോഗിക്കാനായത്.

ഗ്രാമപഞ്ചായത്തിന്റെ പുരോഗതിക്ക് സമയബന്ധിതമായി ,തുക വിനിയോഗിക്കാത്തതിനും, വൻ തുക പഞ്ചായത്തു ഫണ്ടിന് നഷ്ടം വരുത്തിയതിനും വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-2 ഇടവിളകൃഷി :ഗുണഭോക്താക്കൾക്ക് വിത്ത് കിറ്റുകൾ മുഴുവനായും നൽകിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രൊജക്ട് നമ്പർ: 4/17

ബിൽ നമ്പർ,തുക: 5/21-3-2017, 175,000/-

ബിൽ നമ്പർ,തുക: 6/28-3-2017, 122,000/-

ചെക്ക് നമ്പർ,തുക: 6/16-3-2017, 39,800/-

മേൽ പ്രോജക്ട് പ്രകാരം 842ഗുണഭോക്താക്കൾക്ക് വിവിധ കൃഷികളുടെ വിത്തുകളടങ്ങിയ ഇടവിളകൃഷികിറ്റ് വിതരണം നടത്തുന്നതിനായി വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിലിൽ നിന്നും 842 കിറ്റുകൾ വാങ്ങിയിട്ടുണ്ട്. ഇതിന് കിറ്റ് ഒന്നിന് 400/-രൂപ വെച്ച് 336800/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനായി ഈ കിറ്റുകൾ വാർഡ് മെമ്പർമാരെ ഏൽപ്പിച്ചുവെങ്കിലും താഴെ കാണിക്കുന്ന മെമ്പർമാർ കിറ്റ് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

1-എ.എൻ.ഉണ്ണി(1-ാം വാർഡ് മെമ്പർ) -38 കിറ്റുകൾ

2-അനിൽകുമാർ(3-ാം വാർഡ് മെമ്പർ) -21 കിറ്റുകൾ

3-ഉണ്ണി തിയ്യക്കണ്ടി(4-ാം വാർഡ് മെമ്പർ) -21 കിറ്റുകൾ

4-സത്യനാഥൻ മാടഞ്ചേരി(20-ാം വാർഡ് മെമ്പർ) -9 കിറ്റുകൾ

ഇപ്രകാരം ആകെ 89 കിറ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായിട്ടില്ല.കിറ്റ് ഒന്നിന് 400/-രൂപ നിരക്കിൽ 89 കിറ്റുകൾക്ക് 35600/-രൂപ ചെലവഴിച്ചിട്ടുണ്ട്.ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാത്ത ഈ 89 കിറ്റുകൾക്കായി ചെലവഴിച്ച 35600/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-3 വിവാഹ ധനസഹായം:ഗുണഭോക്തൃ പട്ടികയിലില്ലാത്തവർക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

പ്രൊജക്ട് നമ്പർ: 45/17

ബിൽ നമ്പർ,തുക: 6/16-3-2017, 150,000/-

മേൽ പ്രോജക്ട് പ്രകാരം എസ്.എസ്.പി ഫണ്ടുപയോഗിച്ച് പത്മിനി,ശാരദ എന്നീ ഗുണഭോക്താക്കൾക്ക് വിവാഹധനസഹായമായി 50,000/-രൂപ വിതം നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾ വിവാഹധനസഹായം നൽകുന്നതിനുള്ള ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ഈ രണ്ട് ഗുണഭോക്താക്കൾക്ക് നൽകിയ 100000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 ത്രീ ഫേസ് വൈദ്യുതി കണക്ഷന് തുക നൽകി :ഔദ്യോഗിക രശീതി ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ: 54/17

ബിൽ നമ്പർ,തുക: 2/11-11-2016, 18040/-

ബിൽ നമ്പർ,തുക: 3/22-11-2016, 18354/-

മേൽ പ്രോജക്ട് പ്രകാരം വെങ്ങളം കളത്തിൽതാഴെ കുനിയിൽ പദ്ധതികൾക്ക് ത്രീഫേസ് കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്ളാൻ ഫണ്ടിൽ നിന്നും 36394/-രൂപ കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബിൽ നമ്പർ 3 പ്രകാരം നൽകിയ 18354/-രൂപയ്ക്ക് കെ.എസ്.ഇ.ബി നൽകിയ ഔദ്യോഗിക രശീതി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ഔദ്യോഗിക രശീതിയുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-5 ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ:രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ കോപ്പി ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.സെക്രട്ടറി

പ്രൊജക്ട് നമ്പർ: 61/17

ബിൽ നമ്പർ,തുക: 16/31-3-2017, 357143/-

മേൽ പ്രോജക്ട് പ്രകാരം എസ്.എസ്.പി ഫണ്ടുപയോഗിച്ച് ഭൂമി വാങ്ങിയതിന് മൈഥിലി എന്ന ഗുണഭോക്താവിന് 357143/-രൂപ നൽകിയിട്ടുണ്ട്. സ്ഥലം വിറ്റ മിനിയുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയത്. എന്നാൽ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് സ്ഥലം വാങ്ങിയത് രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ കോപ്പി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ കോപ്പിയുടെ അഭാവത്തിൽ 357143/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 ഐ.എ.വൈ വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രൊജക്ട് നമ്പർ: 364/17

ബിൽ നമ്പർ,തുക: 20/24-3-2016, 625,000/-

മേൽ പ്രോജക്ട് പ്രകാരം ഐ.എ.വൈ വിഹിതമായി 625,000/-രൂപ ഡി.ഡി നമ്പർ 339294/19-12-2016 ആയി പന്തലായനി ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഐ.എ.വൈ ഗുണഭോക്തക്കൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവു തുക 625,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 അങ്കണവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ്- വികസനഫണ്ട് വകമാറ്റപ്പെടുന്നു

അംഗൻവാടികളിലെ പോഷകാഹാര വിതരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളായി ചെലവഴിക്കുന്ന തുകയുടെ 77.86 ശതമാനവും വിനിയോഗിച്ചിരിക്കുന്നത് സ്ഥാപനത്തിന് ലഭ്യമായ വികസനഫണ്ടിൽ നിന്നാണെന്ന് കണക്കുകൾ കാണിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി പോഷകാഹാരവിതരണത്തിനായി വിനിയോഗിച്ച തുകയുടെയും കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പോഷകാഹാര വിതരണത്തിനായി ആകെ വിനിയോഗിച്ചതുക | കേന്ദ്രവിഹിതമായി ലഭിച്ച തുക | കേന്ദ്രവിഹിതത്തിൽ നിന്നും വിനിയോഗിച്ച തുക | വികസനഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | ബ്ലോക്ക് വിഹിതത്തിൽ നിന്നും വിനിയോഗിച്ച തുക | വികസനഫണ്ടിൽ നിന്നും വിനിയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 2012-13 | 2145417 | 477661 | 552694 | 899931 | 692792 | 41.94 |
| 2013-14 | 2078044 | 468853 | -- | 1987564 | 90480 | 95.64 |
| 2014-15 | 1789717 | 385085 | 91078 | 1698639 | -- | 94.91 |
| 2015-16 | 1738199 | 631694 | 238199 | 1500000 | -- | 86.29 |
| 2016-17 | 1990914 | 160643 | 490914 | 1500000 | -- | 75.34 |
| ആകെ | 9742291 | 2123936 | 1372885 | 7586134 | 783272 | 77.86 |

പോഷകാഹാര പരിപാടിയുടെ ആകെ ചെലവിന്റെ 50% കേന്ദ്ര ധനസഹായമായി ലഭിക്കേണ്ടതാണ്.എന്നാൽ കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 21.80% തുക മാത്രമാണ് മേൽ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. ഇതുമൂലം ആകെ ചെലവ് തുകയുടെ 50% മായ 48.71 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും വിനയോഗിക്കേണ്ടിടത്ത്,75.86 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നു. മറ്റ് മേഖലകളിൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട 27.15 ലക്ഷം രൂപ ഇതുമൂലം വകമാറ്റപ്പെട്ടു. പോഷകാഹാര പരിപാടിയ്ക്ക് ചെലവായ തുകയക്ക് ആനുപാതികമായ തുക കേന്ദ്രധനസഹായമായി ലഭിക്കുന്നതിന് ശ്രമിക്കാത്തത് വീഴ്ചയാണ്.അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-8 കുടിവെള്ള വിതരണ പദ്ധതികൾ -തുക ഡെപ്പോസിറ്റ് ചെയ്തത്-നിർവ്വഹണത്തിൽ അപാകതകൾ

നിർവ്വഹണം : അസി.എഞ്ചിനീയർ

നിർവ്വഹണ ഏജൻസി: കേരള വാട്ടർ അതോറിറ്റി

പദ്ധതികൾ

| ക്രമ നം | പദ്ധതി | നിക്ഷേപിച്ച തുക | ബിൽ / ചെക്ക്.നം,തീയതി, ഫണ്ടിനം |
|---|---|---|---|
| 1 | 355/17-അരയടത്ത് കുടിവെള്ള വിതരണ പദ്ധതി | 3600000/- | 38/8.3.17-1089256-13-ാം ധനകാര്യ കമ്മീഷൻ<br>39 /398.3.17 - 1610744/- പ്ലാൻ ഫണ്ട്<br>69 / 30.3.17- 121836/-പ്ലാൻ ഫണ്ട്<br>76/30.3.17–778164/-(13-ാധനകാര്യ കമ്മീഷൻ) |
| 2 | 362/17 ചാത്തനാംകുനി SC കോളനിയിലേക്ക് പൈപ്പ് ലൈൻവലിക്കൽ | 372306/- | 73/21.3.17-350000/-പ്ലാൻ (SCP)<br>74/21.3.17-22306/- do |
| 3 | 358/17-മുത്താച്ചിക്കാവ് കുടിവെള്ള പദ്ധതി മെയിന്റനൻസ് | 807000/- | 75/ 21.3.17-807000/-MG (നോൺ റോഡ്) |
| | ആകെ | 4779306/- | |

മേൽ കുടിവെള്ള പദ്ധതിയ്ക്കായുള്ള പ്രൊജകുൾക്ക് ഓഡിറ്റ് വർഷത്തിൽ ആകെ 47.79 ലക്ഷം രൂപ മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ പ്രൊജക്റ്റുകളുടെ നിർവ്വഹണത്തിൽ കാണുന്നു.

1) കുടിവെള്ളം നല്കാനുദ്ദേശിക്കുന്നത് എപ്രകാരമാണെന്ന് പ്രൊജക്റ്റുകളിൽ നിന്നും വ്യക്തമല്ല.പൊതുടാപ്പുകൾ സ്ഥാപിക്കലാണോ അതല്ല, ഗാർഹിക കണക്ഷൻ നല്കുന്നതിനാണോയെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്.ഗാർഹിക കണക്ഷൻ നല്കുമ്പോൾ അർഹർക്ക് സബ്സിഡി നിരക്കിലും അല്ലാത്തവർക്ക് മുഴുവൻ തുകയും ഈടാക്കിയും മാത്രമേ കണക്ഷൻ നല്കാവൂയെന്ന കാര്യം ഇവിടെ പ്രസക്തമാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

2) എല്ലാ കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃ വിഹിതം പരമാവധി സമാഹരിക്കാൻ ശ്രമിക്കേണ്ടതാണെന്ന് 11.1.2016 ലെ എം.എസ് 4/16 ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ച ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഭാഗം 4 ലെ ഖണ്ഡിക 11.8 V ൽ വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ ഇത് സമാഹരിക്കുന്നതിനുള്ള ശ്രമങ്ങളൊന്നും തന്നെ പ്രൊജക്റ്റുകളുടെ കാര്യത്തിൽ നടന്നിട്ടില്ല.

3) മേൽ ഉത്തരവിലെ ഭാഗം 4 ലെ ഖണ്ഡിക 11.8 VII ൽ ,നിർവ്വഹണം പൂർത്തിയാക്കിയാൽ തുടർ നടത്തിപ്പും സംരക്ഷണവും തങ്ങൾ ഏറ്റെടുക്കുമെന്ന് ഗുണഭോക്തൃ സമിതികളുമായി കരാർ ചമച്ചതിനു ശേഷം മാത്രമാണ് കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ആരംഭിക്കാവൂയെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ഇപ്രകാരം കാരാറുകൾ വയ്ക്കാതെയാണ് പ്രൊജകടിന് തുക ചെലവഴിച്ചത്.

4) ക്രമനം.1 ന്റെ കാര്യത്തിൽ പദ്ധതിയ്ക്കായി 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് KWA സമർപ്പിച്ചതിനെ തുടർന്ന് അത്രയും തുകയ്ക്കുള്ള പ്രൊജക്റ്റാണ് സ്ഥാപനം തയ്യാറാക്കിയത് . ഇത് പിന്നീട് പുതുക്കി 36 ലക്ഷം രൂപ പ്രൊജക്റ്റ് അടങ്കലാക്കുകയും അത്രയും തുക വിനിയോഗിക്കുകയും ചെയ്തു കാണുന്നു.അടങ്കൽ പുതുക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്ന രേഖകളും ,ഇതിനനുസൃതമായി തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റും ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

5) ക്രമനം.2 ന്റെ കാര്യത്തിൽ എസ്.സി.പി ഫണ്ടാണ് പദ്ധതിക്ക് വിനിയോഗിച്ചിരിക്കുന്നത്. എന്നാൽ ഗുണഭോക്താക്കൾ ഭൂരിപക്ഷവും പട്ടികജാതിയിൽ ഉൾപ്പെട്ടതാണെന്ന് കാണിക്കുന്ന സോഷ്യൽ മാപ്പ് പ്രൊജക്റ്റിനൊപ്പം ലഭ്യമല്ല.

6) വാട്ടർ അതോറിറ്റിയ്ക്ക് തുക നല്കിയെങ്കിലും നാളിതുവരെ തുക കൈപ്പറ്റിയ രശീതി വാങ്ങുകയോ സ്ഥാപനവുമായി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## **3-9** <u>കുടിവെള്ള പദ്ധതികൾ -പൂർത്തീകരണ വിവരം ലഭ്യമല്ല</u>

നിർവ്വഹണം: അസി.എഞ്ചിനീയർ

താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്ക് ഓഡിറ്റ് വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. ഇവ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തോയെന്ന് വ്യക്തമാക്കേണ്ടതാണ്.

| ക്രമനം | പദ്ധതി | ആകെ ചെലവ് തുക | അവസാന ബിൽ തുക |
|---|---|---|---|
| 1 | കുനിയിൽ താഴ WSS | 1385156/- | 356285/- ചെ നം.37122/21.2.17 |
| 2 | കളത്തിൽ താഴ WSS | 396072/- | 115072/-ചെ നം.96683/9.12.16 |

കൂടാതെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങൾക്കും വിശദീകരണം നല്കേണ്ടതാണ്.

1) കുടിവെള്ളം നല്കാനുദ്ദേശിക്കുന്നത് എപ്രകാരമാണെന്ന് പ്രൊജക്റ്റിൽ നിന്നും വ്യക്തമല്ല.പൊതുടാപ്പുകൾ സ്ഥാപിക്കലാണോ അതല്ല, ഗാർഹിക കണക്ഷൻ നല്കുന്നതിനാണോയെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ട്.ഗാർഹിക കണക്ഷൻ നല്കുമ്പോൾ അർഹർക്ക് സബ്സിഡി നിരക്കിലും അല്ലാത്തവർക്ക് മുഴുവൻ തുകയും ഈടാക്കിയും മാത്രമേ കണക്ഷൻ നല്കാവൂയെന്ന കാര്യം ഇവിടെ പ്രസക്തമാണ്. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്.

2) എല്ലാ കുടിവെള്ള പദ്ധതികൾക്കും ഗുണഭോക്തൃ വിഹിതം പരമാവധി സമാഹരിക്കാൻ ശ്രമിക്കേണ്ടതതാണെന്ന് 11.1.2016 ലെ എം.എസ് 4/16 ത.സ്വ.ഭ.വ നമ്പരായി പുറപ്പെടുവിച്ച ആസൂത്രണവും സബ്സിഡിയും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഭാഗം 4 ലെ ഖണ്ഡിക 11.8 V ൽ വ്യക്തമാക്കിയിട്ടുണ്ട് . എന്നാൽ ഇത് സമാഹരിക്കുന്നതിനുള്ള ശ്രമങ്ങളൊന്നും തന്നെ പ്രൊജക്റ്റിന്റെ കാര്യത്തിൽ നടന്നിട്ടില്ല.

3) മേൽ ഉത്തരവിലെ ഭാഗം 4 ലെ ഖണ്ഡിക 11.8 VII ൽ ,നിർവ്വഹണം പൂർത്തിയാക്കിയാൽ തുടർ നടത്തിപ്പും സംരക്ഷണവും തങ്ങൾ ഏറ്റെടുക്കുമെന്ന് ഗുണഭോക്തൃ സമിതികളുമായി കരാർ ചമച്ചതിനു ശേഷം മാത്രമാണ് കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ആരംഭിക്കാവൂയെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ ഇപ്രകാരം ഒരു കാരാർ വയ്ക്കാതെയാണ് പ്രൊജകടിന് തുക ചെലവഴിച്ചത്.

4) പ്രൊജക്റ്റുകൾ പൂർത്തിയാക്കി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയോയെന്ന് വ്യക്തമല്ല.

## 3-10 റോഡ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളെ ഏല്പിക്കുന്നു

നിർവ്വഹണം : അസി.എക്സി. എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ തുക ചെലവഴിച്ച,അക്രഡിറ്റ് ഏജൻസികൾ നിർവ്വഹിച്ചതും ഡെപ്പോസിറ്റ് വർക്കുകളും ഒഴികെയുള്ള മുഴുവൻ പ്രവൃത്തികളും നിർവ്വഹിച്ചിരിക്കുന്നത് ഗുണഭോക്തൃ സമിതികളാണ് . റോഡ് പ്രവൃത്തികൾ ഉൾപ്പടെയുള്ളവ നിർവ്വഹിക്കുന്നതിന് യന്ത്രങ്ങൾ ആവശ്യമാണെന്നതും വിദഗ്ദരായ തൊഴിലാളികൾ ഇതിന് ആവശ്യമാണെന്നതും ഗുണഭോക്തൃസമിതികൾക്ക് നിർവ്വഹണം നടത്തുന്നതിന് അപ്രാപ്യമായ പ്രവൃത്തിയായി ഇതിൽ ചിലതിനെ മാറ്റുന്നുണ്ട്.വൈദഗ്ദ്യം ആവശ്യമുള്ള ഇത്തരം പ്രവൃത്തികൾ ഗുണഭോക്തൃ സമിതികളെ ഏല്പിക്കുന്നതിന്റെ സാംഗത്യം വ്യക്തമാക്കേണ്ടതാണ്. സമിതികൾ തന്നെ നിർവ്വഹിക്കണമെന്ന് നിർബന്ധമുള്ള പക്ഷം ഒരു സാങ്കേതിക വിദഗ്ദനെ മേൽനോട്ടത്തിന് ചുമതലപ്പെടുത്തി പ്രവത്തി നിർവ്വഹിക്കാമെന്ന് ഇതുമായി ബന്ധപ്പെട്ട ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.മേൽ നിർദ്ദേശം പാലിക്കാതെയാണ് പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കുന്നത്.കൂടാതെ ഗുണഭോക്തൃസമിതിയുടെ മിനിട്സ്,വൗച്ചറുകൾ,മസ്റ്റർ റോൾ,ബാങ്ക് പാസ് ബുക്ക് തുടങ്ങിയ അനുബന്ധ രേഖകൾ മുഴുവനും ലഭ്യമാക്കാതെയാണ് , പ്രവൃത്തികൾക്ക് തുക ചെലവഴിച്ചിരിക്കുന്നത് (സർക്കുലർ നം. 1/1559/2010/സി.ഇ/ത.സ്വ.ഭ.വ തീയതി 13.11.2014 കാണുക) ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-11 ആദായ നികുതി ഈടാക്കിയതിൽ കുറവ്

നിർവ്വഹണം : അസി.എഞ്ചിനീയർ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ നിർവ്വഹണം നടത്തിയത് ഗുണഭോക്തൃ സമിതികളാണ്. പ്രവൃത്തികളുടെ ബിൽ തുക നല്കിയപ്പോൾ , ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം വ്യക്തികളല്ലാത്ത കരാറുകാരിൽ നിന്നും ആകെ പ്രവൃത്തിമൂല്യത്തിന്റെ 2% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ആദായനികുതി ഈടാക്കാതെയാണ് കൺവീനർക്ക് തുക നൽകിയിരിക്കുന്നത്. താഴെ പറയും പ്രകാരം 66414/- രൂപയുടെ നഷ്ടം സർക്കാരിനുണ്ടായിട്ടുണ്ട്.

| ക്രമ നം | പ്രവൃത്തി | കൺവീനർ | ആകെ മൂല്യം(നികുതികൾ ഒഴികെ) | അവസാന ബിൽ തുക | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | 187/17-നടമ്മൽ താഴെ ഡ്രയിനേജ് | വിനോദ് പി കെ | 92784/- | 98351/-ചെ നം.96675/19.10.16 | 1856/- |
| 2 | 224/17മൊളവനക്കണ്ടി ഫുട്പാത്ത് | മുസ്തഫ | 92150/- | 97672/-ചെ നം.96675/19.10.16 | 1843/- |
| 3 | 261/17പുതുക്കോൽക്കുനി ഫുട്പാത്ത് | ഷെറിൻ കെ | 94339/- | 100000/-ചെ നം.96674/19.10.16 | 1887/- |
| 4 | 214/17-പൈക്കോട്ട് താഴെ ഫുട്പാത്ത് | അബ്ദുൾ ഖാദർ | 94339/- | 100000/-ബിൽ നം. 23/27.1.17 | 1887/- |
| 5 | 243/17കുട്ടമ്പറമ്പത്ത് റോഡ് | വി കെ സി ജയപ്രകാശ് | 94339/- | 100000/-ബിൽ നം. 50/30.3.17 | 1887/- |
| 6 | 263/17-കണ്ണൻകടവ് സ്കൂൾ ഫുട്പാത്ത് | ഉസ്മാൻ | 94339/- | 100000/-ബിൽ നം. 53/30.3.17 | 1887/- |
| 7 | 65/16-പനംകുന്ന് നിലം ഫുട്പാത്ത് | മമ്മദ്കോയ | 94339 | 20000/-ചെ നം.96676/19.10.16 | 1887/- |
| 8 | 209/17 അഴീക്കൽ അംഗൻവാടി റോഡ് | ഷാലു | 294750/- | 175250/-ബിൽ നം. 2/18.10.16 | 5895/- |
| 9 | 242/17-ചേമഞ്ചേരി യു പി സ്കൂൾ റോഡ് നവീകരണം | കെ പ്രസാദ് | 91954/- | 7472/-ചെ നം.96670/19.10.16 | 1839/- |
| 10 | 201/17-കിണറുള്ള കണ്ടി കുമ്മങ്കോട് ഫുട്പാത്ത് | ദാമോധരൻ | 93264/- | 18861/-ചെ നം.96671/19.10.16 | 1865/- |
| 11 | 244/17-ഉവ്വക്കാട് പറമ്പിൽ അംഗൻവാടി നവീകരണം | രാജൻ പി കെ | 152869/- | 162042/-ബിൽ നം. 6/24.11.16 | 3057/- |

| | | | | | |
|---|---|---|---|---|---|
| 12 | 212/17-പെരുവയൽ ഡ്രയിനേജ് | ഷാജി | 277102/- | 288630/-ബിൽ നം. 7/24.11.16 | 5542/- |
| 13 | 253/17മാടാക്കുളങ്ങര കേളോത്ത് റോഡ് | പ്രഭാകരൻ | 459816/- | 487404/-ബിൽ നം. 3/2.11.16 | 9196/- |
| 14 | 203/17-തെക്കേലോട്ട് റോഡ് 3 ഘട്ടം | ഭാസ്കരൻ നായർ | 452423/- | 279568/- | 9048/- |
| 15 | 204/17-മോനത്തയിൽ പെരുവയൽ റോഡ് | ഗോപാലൻ പികെ | 450125/- | 377132/-ബിൽ നം. 8/7.12.16 | 9002/- |
| 16 | 199/17- കാന്തോളിമുക്ക് വാഴയിൽ റോഡ് | അജയ്കുമാർ ടിടി | 391791/- | 400000/-ബിൽ നം. 10/13.12.16 | 7836/- |
| ആകെ | | | | | 66414/- |

അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്.

## 3-12 റോഡ് പ്രവൃത്തികൾക്ക് ഭാഗിക പ്രൊജക്ട്

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, IRC സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള മുഴുവൻ പ്രവൃത്തികളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് അംഗീകരിച്ച് പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ 134,199,243,253,271,273,280,303(ഫില്ലിംഗ്),306,307,309,313,എന്നീ നമ്പരുകൾ പ്രകാരമുള്ള പ്രൊജക്ടുകളുടെ കാര്യത്തിൽ സോളിംഗ് വരെയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തികൾ നിർവ്വഹിച്ചു കാണുന്നു.മുൻ വർഷങ്ങളിലും ഇപ്രകാരം പ്രവൃത്തികൾ ചെയ്തതിനാൽ ഓഡിറ്റ് വർഷത്തിൽ ടാറിംഗ് നടത്തുമ്പോൾ റീ സോളിംഗ് ഇനത്തിൽ വലിയതുക ചെലവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റീ സോളിംഗ് ഇനത്തിൽ അധികചെലവ് വരുന്നതും, തുക ചെലവഴിച്ചിട്ടും റോഡിന്റെ യഥാർത്ഥ ഗുണം ലഭിക്കുന്നതിന് കാലതാമസം വരുന്നതും, ഇപ്രകാരം ഭാഗിക പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിലെ വീഴ്ചയാണ്. അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

## 3-13 തുവ്വക്കോട് പോസ്റ്റ് ഓഫീസ് റോഡ്- നിർവ്വഹണത്തിൽ കാലതാമസം -അധിക തുക നല്കി

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രൊജക്ട്: 236/17

എസ്റ്റിമേറ്റ് തുക: 100000/- രൂപ

ആകെ പ്രവൃത്തി മൂല്യം: 89078/-രൂപ

അവസാന ബിൽ തുക: 56513/- ബിൽ നം.4/1.11.16

കരാറുടമ്പടി നം:49/14-15/AE/LSGD തീ.19.3.15

കൺവീനർ: രഞ്ജിത്ത് കുനിയിൽ

അളവുപുസ്തകം:127/14-15

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) 95 മീറ്റർ നീളത്തിൽ റീ ടാറിംഗ് നടത്തുന്നതിനുള്ള മേൽ പ്രൊജക്ട് നിർഹിക്കുന്നതിനായി കൺവീനർ ശ്രീ രഞ്ജിത്ത് കുനിയിൽ 19.3.15 തീയതിയിൽ സ്ഥാപനവുമായി കരാർ വച്ചെങ്കിലും അളവുപുസ്തക പ്രകാരം പ്രവൃത്തി ആരംഭിച്ചത് ഏകദേശം 1 വർഷത്തോളമെടുത്ത് 02.02.16 ൽ മാത്രമാണ്. 2014-15 വർഷത്തിൽ ഏകവർഷ പ്രൊജക്ടായി വിഭാവനം ചെയ്ത പ്രവൃത്തി ,പ്രൊജക്ട് പ്രകാരമുള്ള സമയക്രമപ്രകാരം പൂർത്തീകരിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തതിൻ പ്രകാരം 31.3.15 ന് പൂർത്തീകരിക്കേണ്ടതായിരുന്നു.എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയത്

28.3.16 ന് മാത്രമാണ്.പ്രവൃത്തി ആരംഭിക്കുന്നതിലും പൂർത്തീകരിക്കുന്നതിലും ഒരു വർഷത്തോളം കാലതാമസമുണ്ടായിട്ടും ഒരു നടപടിയും കൺവീനർക്കെതിരെ സ്വീകരിച്ചു കാണുന്നില്ല.കൂടാതെ കാലതാമസത്തിന് പിഴ ഈടാക്കാതെയാണ് അവസാനബിൽ തുക നല്കിയിരിക്കുന്നത്.സമയബന്ധിതമായി പ്രവൃത്തിപൂർത്തീകരിക്കാത്തതിനാൽ 14-15,15-16 വർഷങ്ങളിൽ പ്രവൃത്തിയ്ക്കായി വകയിരുത്തിയതുക പാഴാവാനിടയായിട്ടുണ്ട്.വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട തുക ഇപ്രകാരം നഷ്ടപ്പെടുത്തിയതിന് കൺവീനർ ഉത്തരവാദിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നല്കേണ്ടതാണ്.

2) പ്രവൃത്തിയ്ക്കാവശ്യമായ ബിറ്റുമിൻ സ്ഥാപനം വാങ്ങി നല്കുകയായിരുന്നു.300m2 റീ ടാറിംഗ് പ്രവൃത്തിയ്ക്ക് 780 കി.ഗ്രാം ടാർ ഉപയോഗിച്ചയിനത്തിൽ കിലോയ്ക്ക് 40.98 രൂപ നിരക്കിൽ 31964/- രൂപ ടാർ വില ഇനത്തിൽ കുറവ് വരുത്തിയാണ് തുക നല്കിയത്. എന്നാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ടാറിന്റെ വില 44.05 രൂപയും കൺവെയൻസും ഉൾപ്പടെ 45/-രൂപ ഉൾപ്പെട്ടിരിക്കയാൽ ആകെ 35100/- രൂപ കുറവ് വരുത്തേണ്ടതായിരുന്നു.

3) പ്രവൃത്തിയ്ക്ക് ബിറ്റുമിൻ വാങ്ങുന്നതിനായി 2014-15 വർഷത്തിൽ 39434/- രൂപ പിൻവലിച്ചിട്ടുണ്ട് .എന്നാൽ ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ, വാങ്ങിയ ബില്ല് എന്നിവ പരിശോധനയ്ക്ക് നല്കിയിട്ടില്ല.കൂടാതെ നല്കിയ തുകയ്ക്ക് മുഴുവൻ ടാർ ലഭ്യമായോ എന്നും വ്യക്തമല്ല..ചെലവ് രേഖകളുടെ അഭാവത്തിൽ 39434 രൂപ തടസ്സത്തിൽ വെക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം നല്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടാർ വിലയിനത്തിൽ കൺവീനറിൽ നിന്നും ഈടാക്കിയതിൽ കുറവ് വന്ന 3134 രൂപ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-14 ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്- നടപടിക്രമങ്ങൾ പാലിച്ചില്ല.

2016-17 വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്ക് ആധാരമാക്കിയ ഗുണഭോക്തൃപട്ടികക്ക് ഗ്രാമസഭയോ ഭരണസമിതിയോ അംഗീകാരം നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | ചെലവിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | പ്രൊ.നം-9/17<br>ആട് വിതരണം(പട്ടികജാതി) | 6 | ₹ 60000/- ബിൽ നം- 4/17.തീ.27.03.2017<br>₹15000, ബിൽ. 6/17. തീ.29.03.2017<br>₹ 15000/-ബിൽ.7/17 തീ.30.03.2017 |
| 2 | പ്രൊ.നം- 10/17.<br>കിടാരി വിതരണം | 24 | ₹ 120000/-<br>ബിൽ നം- 5/17 തീ.27.03.2017 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗുണഭോക്താക്കളെ ലക്ഷ്യമിട്ടു നടപ്പാക്കുന്ന പദ്ധതികളിൽ ഗ്രാമസഭകളുടെ പങ്ക്, ജനപങ്കാളിത്തം, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് തുടങ്ങിയവയുടെ സുതാര്യത ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 02.09.1998 ലെ (പി)നം.181/98/ത.സ്വ.ഭ., 09.07.1999ലെ (പി) നം.138/99/ത.സ്വ.ഭ.വ എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ മാർഗ്ഗരേഖകൾ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുന്ന പദ്ധതികളിൽ പഞ്ചായത്തുകൾ തന്നെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച മാനദണ്ഡങ്ങൾ തീരുമാനിച്ച് സബ്സിഡി അല്ലെങ്കിൽ മറ്റുതരത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകഴിഞ്ഞാൽ ഇതു സംബന്ധിച്ച് വ്യാപകമായ പ്രചാരണം നൽകേണ്ടതുണ്ട്. ഗുണഭോക്താക്കൾ സമർപ്പിക്കുന്ന അപേക്ഷകൾ പഞ്ചായത്തിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട് രൂപീകരിച്ച കമ്മിറ്റി പ്രസ്തുത അപേക്ഷകളിൽ ഗുണഭോക്താക്കൾ വസ്തുതകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളുവെന്നും, സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എല്ലാം പാലിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് മാർക്കടിസ്ഥാനത്തിൽ ഒരു കരട് പട്ടിക തയ്യാറാക്കി ഗ്രാമസഭകൾ മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങണം. ഗ്രാമസഭകളിൽ നിന്നും മുൻഗണനക്രമ ലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിനു ശേഷം മൊത്തത്തിൽ മുൻഗണന ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കേണ്ടതും, അന്തിമരൂപം നൽകി അംഗീകരിക്കേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിലാവണം ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സബ്സിഡി, സർക്കാരുകളിൽ നിന്നും ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ എന്നിവ അനുവദിക്കേണ്ടത്. എന്നാൽ ഓഡിറ്റ് വർഷങ്ങളിൽ നടപ്പാക്കിയ മേൽ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയിലെ നിർദ്ദശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികാരികൾ വീഴ്ച വരുത്തിയതിനാൽ അർഹരിൽ ഏറ്റവും അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കുക

എന്ന ലളിതവും നീതിയുക്തവുമായ രീതി നടപ്പാക്കിയില്ല.

08.12.2014 ലെ 4224/എ.ബി/2014/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലൂടെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുകയാണെങ്കിൽ ആയതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്കും ഭരണസമിതി അംഗങ്ങൾക്കുമായിരിക്കുമെന്ന് സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഗുണഭോക്തൃപട്ടികയാണ് നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.ഭരണസമിതി അംഗീകരിച്ച മുൻഗണനാക്രമത്തിലുള്ള ഗുണഭോക്തൃപട്ടികയും ആയത് ഗ്രാമസഭ അംഗീകരിച്ചതിന്റെയും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 10.07.2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല. ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃപട്ടിക ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 210000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 പട്ടികജാതിക്കാർക്കുള്ള പദ്ധതി- ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമല്ല

നിർവ്വഹണോദ്യോഗസ്ഥൻ :വെറ്റിനറി സർജൻ

പ്രൊ.നം-പ്രൊ.നം- 9/17ആട് വിതരണം(പട്ടികജാതി)

ബിൽ നം- 4/17. തീയതി.27.03.2017, തുക ₹ 60000/-

പദ്ധതി പ്രകാരം ബിന്ദു,മഠത്തിൽകണ്ടി എന്ന ഗുണഭോക്താവിന് മൂന്ന് ആടുകളെ വാങ്ങുന്നതിന് 15000 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.എന്നാൽ ഗുണഭോക്താവ് പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻകാർഡിൽ ടിയാളുടെ പേര് ഉൾപ്പെട്ടതായി കാണുന്നില്ല.ഗുണഭോക്താവ് ഗ്രാമപഞ്ചായത്തിലെ താമസക്കാരിയാണെന്നും പട്ടികജാതിയിൽ ഉൾപ്പെടുന്ന വ്യക്തിയാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-16 നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെ മരുന്ന് വാങ്ങി

നിർവ്വഹണോദ്യോഗസ്ഥൻ :വെറ്റിനറി സർജൻ

പ്രൊ.നം-11/17- വെറ്ററിനറി ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ- 50000(സംരക്ഷണ ഗ്രാന്റ്-റോഡിതരം)

ചെലവ് - 50000

പദ്ധതി പ്രകാരം ഡൈന വെറ്റ് എന്ന സ്ഥാപനത്തിൽ നിന്നും കൊട്ടേഷൻ മുഖേന 50000 രൂപ ചെലവഴിച്ച് മരുന്നുകൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്.എന്നാൽ പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകൾ വകുപ്പിൽ വിതരണത്തിന് ലഭ്യമല്ലായിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.നോൺ അവെയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ പുറമെ നിന്നും മരുന്നുകൾ വാങ്ങാൻ ചെലവഴിച്ച 50000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 കന്നുകുട്ടി പരിപാലനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രൊ.നം- 8/17,കന്നുകുട്ടിപരിപാലനം.

അടങ്കൽ- 800000 (സംസ്ഥാനവിഹിതം-400000,പഞ്ചായത്ത് വിഹിതം-200000, ഗുണഭോക്തൃവിഹിതം-200000)

ചെലവ് - 200000 (ഗ്രാമപഞ്ചായത്ത് വിഹിതം)

പദ്ധതി പ്രകാരം ഗുണഭോക്താവിന് ലഭ്യമാക്കേണ്ട ധനസഹായമായ 25000 രൂപയിൽ 25% ഗ്രാമപഞ്ചായത്ത് വിഹിതവും 25% സംസ്ഥാനവിഹിതവും 50% ഗുണഭോക്തൃവിഹിതവും അടങ്കൽ ചെയ്യാണ് നടപ്പിലാക്കേണ്ടത്.എന്നാൽ സംസ്ഥാന വിഹിതം 50 ശതമാനവും ഗ്രാമപഞ്ചായത്ത് വിഹിതം,ഗുണഭോക്തൃവിഹിതം എന്നിവ 25 ശതമാനം വീതവും വകയിരുത്തിയാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. 11.01.2016 തീയതിയിലെ സ.ഉ.(എം.എസ്)04/2016 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി സംബന്ധിച്ച സബ്സിഡി നിബന്ധനകൾക്ക് വിരുദ്ധമായി തുക വകയിരുത്തിയാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്.

പദ്ധതി പ്രകാരം വകയിരുത്തിയ ഗ്രാമപഞ്ചായത്ത് വിഹിതമായ 200000 രൂപ 1/16-17,തീയതി.23.02.2017 നം ബിൽ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.എന്നാൽ ആയതിനുള്ള രശീതോ വിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-18 വി.ഇ.ഒ-നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

പ്രൊ.നം- 180/17,ആശ്രയ,ഇ.എം.എസ് ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് ബാക്കി തുക അനുവദിക്കൽ

അടങ്കൽ - 781148

ചെലവ് - 762500

30.01.2017 തീയതിയിലെ ഭരണസമിതിയുടെ II(1) നമ്പർ തീരുമാനപ്രകാരം 29 ഗുണഭോക്താക്കളുടെ പട്ടിക അംഗീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന് ലഭ്യമാക്കിയിട്ടുണ്ട് (ആശ്രയ ഭവന പദ്ധതി ഗുണഭോക്താവ്- 1,ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താവ് -28 ) .എന്നാൽ ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ മുൻഗണനാക്രമത്തിലുള്ള പട്ടിക ഗ്രാമസഭ അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ, ഗുണഭോക്താക്കളുടെ മുൻഗണനാക്രമം നിശ്ചയിച്ചതിന്റെ മാനദണ്ഡം, ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-19 പെയിൻ & പാലിയേറ്റീവ് പദ്ധതിനിർവ്വഹണത്തിലെ അപാകതകൾ

പ്രൊ.നം- 88/17,പെയിൻ & പാലിയേറ്റീവ്

29.10.2015 തീയതിയിലെ സ.ഉ.(സാധാ) നം.3217/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പുറപ്പെടുവിച്ചിരുന്നു.പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക.2.6.5 ൽ ഹോം കെയർ വാഹനം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന കെ.എൽ-56.ഇ-123 നമ്പർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വാഹനത്തിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഫുൾ ടാങ്ക് ഇന്ധനം നിറക്കുന്നില്ല.

2.നിശ്ചിത സമയപരിധിയുടെ ഇടവേളകളിൽ ഇന്ധനക്ഷമതാ പരിശോധന നടത്തുന്നില്ല

3.ലോഗ് ബുക്കിലെ കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തിയതിൽ പൊരുത്തകേടുകൾ കാണുന്നു.ചില ഉദാഹരണങ്ങൾ.

ഉദാ 1: 09.04.2016 തീയതിയിൽ വാഹനത്തിന്റെ ഓപ്പണിംഗ് റീഡിംഗ് 30028 കിലോമീറ്ററാണ്. വാഹനത്തിന്റെ 12.04.2016 തീയതിയിലെ വാഹനത്തിന്റെ ക്ലോസിംഗ് 30125 കിലോമീറ്ററായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.മേൽ ദിവസങ്ങളിൽ വാഹനം 44 കിലോമീറ്റർ മാത്രമാണ് ഓടിയിട്ടുള്ളത്.ക്ലോസിംഗ് റീഡിങ്ങിലെ 53 കിലോമീറ്ററിന്റെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

ഉദാ 2: 10.05.2016 തീയതിയിലെ വാഹനത്തിന്റെ ക്ലോസിംഗ് റീഡിംഗ് 30509 കിലോമീറ്ററാണ്.14.05.2016 തീയതിയിലെ ക്ലോസിംഗ് റീഡിംഗ് 30727 കിലോമീറ്ററാണ്.മേൽ രേഖപ്പെടുത്തലുകൾക്കിടയിലെ ഇടവേളയിൽ വാഹനം 55 കിലോമീറ്റർ മാത്രമാണ് ഓടിയിട്ടുള്ളത്.163 കിലോമീറ്ററിന്റെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 3-20 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പ്രൊ.നം- 274/2017- എൻ.ആർ.എച്ച്.എം.ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ-300000

ചെലവ് - 300000( ബിൽ നം- 2/16-17.തീ.23.12.2016

പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിനായി 300000 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ടെങ്കിലും 292414 രൂപയുടെ മരുന്ന് മാത്രമെ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടുള്ളൂ.7586 രൂപയുടെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.മരുന്ന് പൂർണ്ണമായും ലഭ്യമാവാത്ത 7586/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 താത്കാലിക നിയമനങ്ങളിൽ നടപടിക്രമം പാലിക്കുന്നില്ല

1997ലെ കേരളപഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം.3 (8) പ്രകാരം പഞ്ചായത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥന്റേയോ ജീവനക്കാരന്റേയോ തസ്തികയിൽ ഒഴിവുണ്ടായാൽ പ്രസ്തുത ഒഴിവ് നികത്തുന്നതിന് മറ്റൊരു സർക്കാർ ഉദ്യോഗസ്ഥന്റേയോ, ജീവനക്കാരന്റേയോ സേവനം ഉടനെ വിട്ടു കിട്ടാത്ത സാഹചര്യത്തിൽ, സർക്കാരിന്റെ പൊതുമാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ബന്ധപ്പെട്ട നിയമനാധികാരിയെ മുൻകൂട്ടി അറിയിച്ചു കൊണ്ട്, ആ ഒഴിവിൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേനയോ, എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന ഒരു ഉദ്യോർഗാർത്ഥിയെ ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ ,സർക്കാർ പ്രത്യേകം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം കരാർ അടിസ്ഥാനത്തിലോ മറ്റൊരാളെ 6 മാസത്തിൽ കൂടുതലല്ലാത്ത കാലയളവിലേക്കോ ഒരു സർക്കാർ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ പ്രസ്തുത ഒഴിവിലേക്ക് നിയമിക്കപ്പെടുകയോ ഇതിൽ ഏതാണോ ആദ്യം അതുവരേയ്ക്കായി താൽകാലികമായി നിയമിക്കാവുന്നതാണ്.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ പാർട്ട് ടൈം സ്വീപ്പർ,ഡാറ്റാ എൻട്രി ഓപ്പറേറ്റർ,ക്ലർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ,ഡ്രൈവർ എന്നീ തസ്തികകളിൽ പഞ്ചായത്തിന്റെ അനുവദനീയമായ പരിധി മറികടന്ന് ഭരണസമിതി തീരുമാനപ്രകാരം തസ്തികകൾ സൃഷ്ടിക്കുകയും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുകയും ചെയ്തിട്ടുള്ളതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തസ്തിക | താത്കാലിക നിയമനം നൽകിയ വ്യക്തിയുടെ പേര്. |
|---|---|---|
| 1 | ക്ലർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ/ടെക്നിക്കൽ അസിസ്റ്റന്റ്. | ആതിര.ടി.എം. |
| 2 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ. | പ്രസീന.എ.ടി. |
| 3 | ഡ്രൈവർ | സജിത്ത്. |
| 4 | പാർട്ട് ടൈം സ്വീപ്പർ | മുരളീധരൻ.കെ. |

നിയമന നടപടി ക്രമങ്ങളിലുണ്ടായ വീഴ്ച മൂലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന

ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കപ്പെടുകയുണ്ടായിട്ടുണ്ട്. സർക്കാരിന്റെ അനുമതിയില്ലാതെ അനധികൃത തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തി പഞ്ചായത്ത് ഫണ്ടിൽ നിന്നും വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം ദിവസ വേതന ജീവനക്കാർക്ക് 2016-17 വർഷം 1016827/- രൂപ വേതനമായി നൽകിയിട്ടുണ്ട്. ദിവസ വേതന ജീവനക്കാരുടെ അക്വിറ്റൻസ് രജിസ്റ്റർ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ ജീവനക്കാർക്ക് വേതനമായി നൽകിയ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ചട്ട വിരുദ്ധമായും നടപടിക്രമങ്ങൾ പാലിക്കാതെയും താത്കാലിക നിയമനം നടത്തുന്നത് മൂലം അർഹരായ മറ്റ് ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കപ്പെടുന്നുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-22 മത്സ്യതൊഴിലാളി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം. പദ്ധതിനടത്തിപ്പിൽ വീഴ്ചകൾ

നിർവഹണ ഉദ്യോഗസ്ഥൻ-ഫിഷറീസ് ഇൻസ്പെക്ടർ

പ്രോജക്റ്റ് നമ്പർ---എസ് 0074/17

ചെലവ്-----335916

ബിൽ നമ്പർ-1/2016/17-30-3-2017

പദ്ധതി പ്രകാരം 5-ാം തരത്തിനും 8-ാം തരത്തിനും ഇടയിൽ പഠിക്കുന്ന മൽസ്യ തൊഴിലാളികളുടെ കുട്ടികൾക്ക് മരം കൊണ്ട് നിർമ്മിച്ച മേശ,സ്റ്റീൽ കസേര എന്നിവ നൽകാനാണ് ഉദ്ദേശിക്കുന്നത്. തൻവർഷം 84 ഗുണഭോക്താക്കൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടത്. ടെണ്ടർ പ്രകാരം പി.വി.എഞ്ചിനീയറിംഗ് വർക്ക്സ് മണൽവയൽ കൈതപ്പൊയിൽ എന്ന സ്ഥാപനത്തിൽ നിന്നാണ് ഫർണീച്ചർ വാങ്ങിയത്. എന്നാൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളു സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖ സ.ഉ(പി)259/2010 ത.സ്വ.ഭ.വ 8.11.2010) പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങൾ വാങ്ങുമ്പോൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും മലയാളദിന പത്രത്തിലും പരസ്യം ചെയ്യണം. കൂടാതെടെണ്ടറുകൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെ സാന്നിദ്ധ്യത്തിൽ തുറക്കണം. എന്നാൽ ഇത്തരം നിബന്ധനകൾ പാലിച്ചിട്ടില്ല.

2. ഹാർഡ് വുഡ് ടേബിളിന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടില്ല.

3. ചില വിദ്യാർത്ഥികൾ ഏത് ക്ലാസിലാണ് പഠിക്കുന്നതെന്ന് അവരുടെ സ്കൂൾ സർട്ടിഫിക്കറ്റിൽ നിന്നു വ്യക്തമല്ല. പദ്ധതി പ്രകാരം നിശ്ചിത ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യത്തിന്ന് അർഹതയുള്ളത്. വിശദവിവരം താഴെ പറയുന്നു.

| ക്രമനമ്പർ | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 43 | മിസ്റിയ. പി .എ |
| 56 | ഫർനഫാത്തിമ |
| 57 | ആദിത്ത് എ.ബി. |

മേൽ പറഞ്ഞ അപാകതകൾക്ക് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പന്തലായനി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 39800 | ഇടവിളകൃഷി | 39800 | ------ |
| | 2016-17 | 300000 | പാലിയേറ്റീവ് പരിചരണം | 275523 | 24477 |
| | 2016-17 | 71400 | സമ്പൂർണ ശൗചാലയം | 71400 | ------ |
| | 2016-17 | 162262 | വെങ്ങളം കുടിവെള്ള പദ്ധതി | ------ | 162262 |
| | 2016-17 | 490000 | കുനിയിൽതാഴെ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | ------ | 490000 |
| | 2016-17 | 100000 | വയലാട്ട്താഴെ കുടിവെള്ള പദ്ധതി | ------ | 100000 |
| | 2016-17 | 400000 | കുനിയിൽതാഴെ കുടിവെള്ള പദ്ധതി | ------ | 400000 |
| | 2016-17 | 500000 | പൂതുവനംകുനി കുടിവെള്ള പദ്ധതി | ------ | 500000 |
| | 2016-17 | 500000 | മണ്ണാർകണ്ടി കുടിവെള്ള പദ്ധതി | ----- | 500000 |
| | 2016-17 | 200000 | പകൽവീട് | ------ | 200000 |
| | 2016-17 | 300000 | വയോജന വിശ്രമ കേന്ദ്രം | ------ | 300000 |
| | 2016-17 | 150000 | പൂക്കാട് അങ്കനവാടി കെട്ടിട നിർമ്മാണം | ------ | 150000 |
| | 2016-17 | 78479 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 78479 | ------ |
| ജില്ലാ പഞ്ചായത്ത് | 2016-17 | 400000 | കുനിയിൽതാഴെ കുടിവെള്ള പദ്ധതി | 367959 | 32041 |
| | 2015-16 | 500000 | കരിമുണ്ട്യാടികുനി കുടിവെള്ള പദ്ധതി | ------ | 500000 |
| | 2015-16 | 2000000 | നായനാർ മിനിസ്റ്റേഡിയം ഗ്യാലറി നിർമ്മാണം | ----- | 2000000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അരയിടത്ത് കുടിവെള്ള പദ്ധതി | 3600000 | ----- | 3600000 |
| | | | | |
| കേരള വാട്ടർ അതോറിറ്റി | മുത്താച്ചിക്കാവിൽ കുടിവെള്ള പദ്ധതി | 807000 | ------ | 807000 |
| കേരള വാട്ടർ അതോറിറ്റി | ചാത്തനാംകുനി എസ്.സി.കോളനിയിലേക്ക് പൈപ്പ് ലൈൻവലിക്കൽ | 372306 | ------ | 372306 |
| കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കാങ്ങിലശ്ശേരി കുട്ടൻകണ്ടി റോഡ് സ്ട്രീറ്റ് മെയിൻ | 143340 | ----- | 143340 |
| കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പള്ളി കൊളക്കാട് റോഡ് സ്ട്രീറ്റ് മെയിൻ | 93590 | ----- | 93590 |
| കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | എസ്.സി.കോളനിയിൽ സ്ട്രീറ്റ് മെയിൻ | 734711 | ------ | 734711 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി വായ്പ. | ജി ഒ (എം.എസ്) 322/2010.ത.സ്വ.ഭ.വ 21-01-2010 | ---- | 365900 | | | ലോൺ വിശദാംശം ലഭ്യമല്ല. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5046866 |
| തൻവർഷം നിക്ഷേപിച്ച തുക | 487500 |
| ആകെ | 5534366 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5534366 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ.ഡി.സി ബാങ്ക്,കൊയിലാണ്ടി, നം.520261/15-05-2016 | 423266 |
| കെ.ഡി.സി ബാങ്ക്,കൊയിലാണ്ടി, നം.520260/15-05-2016 | 1040117 |
| കെ.ഡി.സി ബാങ്ക്,കൊയിലാണ്ടി, നം.520220/27-09-2016 | 320980 |
| ചേമഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്,കൊയിലാണ്ടി, നം.10384/27-09-2016 | 2530378 |
| ചേമഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്,കൊയിലാണ്ടി, നം.12163/27-09-2016 | 1219625 |
| ആകെ | 5534366 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 24 | 2003-04 | 7(14) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |
| 2002-03 | ഭാഗം.2 | 2004-05 | (17) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59455825 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 56485288 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 138734 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7064323 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 35600/- | പ്രദീപൻ.എം.,കൃഷി ഓഫീസർ |
| 3-3 | | 100000/- | എം.രാമചന്ദ്രൻ.അസി.സെക്രട്ടറി |
| 3-13 | | 3134/- | ശ്രീ.സൂരജ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 18354 | പി.ജയരാജൻ,സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 357143 | എം.രാമചന്ദ്രൻ.അസി.സെക്രട്ടറി |
| 3-6 | 625000 | അവിനാഷ്,വി.ഇ.ഒ |
| 3-8 | 4779306/- | പി.ജയരാജൻ, സെക്രട്ടറി |
| 3-13 | 39434/- | സൂരജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | 210000/- | ഡോ. നിഷ, വെറ്ററിനറി സർജൻ |
| 3-15 | 15000/- | ഡോ.നിഷ, വെറ്ററിനറി സർജൻ |
| 3-16 | 50000 | ഡോ.നിഷ,വെറ്റിനറി സർജൻ |
| 3-17 | 200000 | ഡോ.നിഷ,വെറ്റിനറി സർജൻ |
| 3-18 | 762500/- | അവിനാഷ്, വി.ഇ.ഒ |
| 3-20 | 7586/- | ഡോ.സിന്ധു.കെ.പി, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രദീപൻ.എം.,കൃഷി ഓഫീസർ | കൃഷിഭവൻ,ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | ദീപം,ആഴ്ച്ചവട്ടം,മാങ്കാവ്,673007 |
| ഡോ.സിന്ധു.കെ.പി,മെഡിക്കൽ ഓഫീസർ,സി.എച്.സി | തിരുവങ്ങൂര് സി.എച്.സി,ചേമഞ്ചേരി | പുന്നോക്കണ്ടത്തിൽ,വീട്,വഴിത്തല,തൊടുപുഴ,ഇടുക്കി. |
| സൂരജ്, അസിസ്റ്റന്റ് എഞ്ചിനീയർ | ചേമഞ്ചേരി ഗ്രാമപഞ്ചായത്ത് | സ്വപ്ന, എ.എസ്.എസ് സ്കൂളിന് സമീപം, തണ്ണീർപന്തൽ, വേങ്ങേരി |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.4/792(1)/12, 05.07.2012 | 5 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.4/792(2)/12, 05.07.2012 | 1 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.4/792(3)/12, 05.07.2012 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.4/792(4)/12, 05.07.2012 | 1 |

| | | |
|---|---|---|
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.4/792(5)/12, 05.07.2012 | 4 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.4/1044/11 (6), 05.07.2012 | 9 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.5/1372/08, 09.02.2009 | 9 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.5/1335/09, 06.10.2009 | 10 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.4/90/11, 09.02.2011 | 36 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.4/1749/11, 20.01.2012 | 16 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.13/282/13, 07.03.2013 | 14 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി.13/682/13, 20.07.2013 | 16 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി/13/1549/13, 30.01.2014 | 7 |
| 2012-13, 2013-14 | എൽ.എഫ്.കെ.കെ.ഡി/പി/13/1056/15, 15.10.2015 | 31 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.13/990/2016, 06.06.2016 | 19 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.13/1848/2016, 02.11.16 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.13/1796/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-06.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.13/1796/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 06.10.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Chemancheri Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Chemancheri Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.